# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1326 — 11.02.2016-ൽ മറുപടിക്ക്

## റോഡ് ശൃംഖല

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.ടി.എൻ. പ്രതാപൻ**<br>**,,കെ.എസ്.ശബരീനാഥൻ**<br>**,, എം.പി.വിൻസെൻറ്**<br>**,,പി.സി വിഷ്ണുനാഥ്** | ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് തന്ത്ര പ്രധാനമായ റോഡ് ശൃംഖല വികസിപ്പിക്കുന്നതിന് കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;<br><br>(ബി) ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ എന്തെല്ലാം;<br><br>(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം? | (എ) (ബി) & (സി) കെ.എസ്.റ്റി.പി.യിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് തന്ത്രപ്രധാനമായ റോഡ് ശൃഖല രൂപീകരിക്കുവാൻ പദ്ധതിയുണ്ട്. അതിൽ ഘട്ടംഘട്ടമായി 6000 കി.മീ. പാതകൾ ഉൾപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്. സാമൂഹികവും സാമ്പത്തികവുമായ വികസന മാനദണ്ഡങ്ങൾ വച്ചാണ് പാതകൾ തിരഞ്ഞെടുക്കുന്നത്. കേരളത്തിന്റെ സാമൂഹ്യ, സാമ്പത്തിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലുള്ള തന്ത്രപ്രധാനമായ സ്ഥലങ്ങളെ കോർത്തിണക്കി കൊണ്ടുള്ള ഒരു റോഡ് ശൃംഖലയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. പത്ത് വർഷം കൊണ്ട് പൂർത്തീകരിക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. തിരഞ്ഞെടുക്കുന്ന റോഡുകൾ പ്രത്യേകമായി വികസിപ്പിച്ച് അവ മേന്മയേറിയ രീതിയിൽ പരിപാലിക്കുവാനാണ് ഉദ്ദേശ്യം. ഇതിനുവേണ്ടിവരുന്ന സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തു- |

ന്നതിനും ഇതിന്റെ ചുമതല വഹിക്കാൻ ഒരു പ്രത്യേക സംവിധാനം രൂപീകരിക്കു-വാനും ഉദ്ദേശ്യമുണ്ട്. നാലു പാക്കേജുകളാ-യിട്ടാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതിൽ ആദ്യത്തെ പാക്കേജിന്റെ പ്രവർത്തനം തുടങ്ങാനായി ഒരു ക്ലൈയന്റ് സ്പോൺസറെ നിയമിച്ചിട്ടുണ്ട്. മറ്റ് മൂന്ന് പാക്കേജുകൾ നടപ്പിലാക്കാനായി കൺസൾട്ടന്റ്മാരെ നിയമിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

Salitha

സെക്ഷൻ ഓഫീസർ